നം.ബി1/6360/2012/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി:31/03/2012.

# സർക്കുലർ നമ്പർ.VI

**വിഷയം:** പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - 2012-2013 അദ്ധ്യയന വർഷത്തെ അദ്ധ്യാപകരുടെ ഓൺലൈൻ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട പുതുക്കിയ വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1) ഈ ഓഫീസിലെ 2.2.2012, 18.2.2012, 29.2.2012, 3.3.2012, 14.3.2012 എന്നീ തീയതികളിലെ മേൽ നമ്പർ സർക്കുലർ.

2) സർക്കാർ ഉത്തരവ് (പി) നമ്പർ 170/2012/ഫിൻ.തീയതി.22.3.2012

3) സർക്കാർ ഉത്തരവ് (പി) നമ്പർ 183/2012/ഫിൻ. തീയതി. 26.3.2012

പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകർ/ പ്രൈമറി അദ്ധ്യാപകർ എന്നിവരിൽ നിന്നും 2012-2013 അദ്ധ്യയന വർഷത്തേയ്ക്ക് സൂചന 1 ലെ സർക്കുലർ പ്രകാരം പൊതുസ്ഥലംമാറ്റത്തിന് അപക്ഷ ക്ഷണിച്ചിരുന്നു. എന്നാൽ സൂചന 2, 3 തീയതി കളിലെ സർക്കാർ ഉത്തരവ് പ്രകാരം പെൻഷൻ പ്രായം ഒരു വർഷം ദീർഘിപ്പിച്ചിരി ക്കുന്നതിനാൽ നേരത്തേ അപ്ലോഡ് ചെയ്തിരുന്ന വിരമിക്കൽ ഒഴിവുകളിൽ മാറ്റം വന്നിട്ടുണ്ട്. ആയതിനാൽ ***ഒന്നു മുതൽ അഞ്ചു വരെയുള്ള സർക്കുലറുക ൾ പ്രകാരം ക്ഷണിച്ച അപേക്ഷകൾ ഇതിനാൽ റദ്ദു ചെയ്യുന്നു.***

1) പ്രൈമറി സ്കൂൾ മുതൽ ഹൈസ്കൂൾ തലം വരെയുള്ള അദ്ധ്യാപകരുടേയും പ്രൈമറി സ്കൂൾ പ്രഥമ അദ്ധ്യാപകരുടെയും ഒഴിവുകൾ ജില്ലാ തലത്തിൽ വ്യക്തമായി അറിയിക്കേണ്ടതുണ്ട്. **പെൻഷൻ പ്രായം ദീർഘിപ്പി ച്ചിരിക്കുന്നതിനാൽ 2011-12 അദ്ധ്യനവർഷം 2012 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങ ളിൽ 56 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്ന ഒഴിവുകളും, നിലവിലുള്ള ഒഴിവു കളും കണക്കാക്കേണ്ടതാണ്.** ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുകയോ, ഒഴിവുകൾ അനുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുകയോ ചെയ്യാവുന്നതല്ല.

ഓൺലൈൻ മുഖേന പുറപ്പെടുവിക്കുന്ന സ്ഥലംമാറ്റ ഉത്തരവിന്റെ കൃത്യത അതാത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ ഉത്തരവാദിത്ത്വത്തിൽ തന്നെ ആയിരിക്കുന്നതാണ്.

2012-2013 അദ്ധ്യയന വർഷത്തെ പൊതു സ്ഥലംമാറ്റം സമയബന്ധിതമായി നടത്തുന്നതിനുള്ള ചാർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

| | | |
|---|---|---|
| 1. | ഓരോ ജില്ലയിലേയും തസ്തിക തരംതിരിച്ച് ഒഴിവുകളുടെ വ്യക്തമായ കണക്ക് (2012 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ വിരമിക്കുന്നവരുടേയും, നിലവിലു ള്ളതുമായ ഒഴിവുകൾ) നിശ്ചിത മാതൃകയിൽ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടത്. | 10.04.2012 വരെ |
| 2. | അപേക്ഷ സ്വികരിക്കുന്ന തീയതി. | 11.4.2012 മുതൽ 17.04.2012 വരെ |

| | | |
|---|---|---|
| 3. | സ്കൂൾ തലത്തിലും വിദ്യാഭ്യാസ ഉപജില്ലാ തലത്തിലും അപേക്ഷ പരിശോധിക്കുന്നതിനു അനുവദിച്ച സമയം. | 19-4-2012 മുതൽ 23-04-2012 വരെ |
| 4. | വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ അപേക്ഷ പരിശോധിക്കലും സീനിയോറിറ്റി തയ്യാറാക്കലും അപേക്ഷകളിൽ പ്രധാന അദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ രേഖാമൂലം തിരുത്തലുകൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതു ടി കാലയളവിൽ തിരുത്തേണ്ടതുമാണ്. | 24-4-2012 മുതൽ 28-4-2012 വരെ |
| 5. | ജില്ലയിൽ ഓരോ തസ്തികയിലേക്കും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ (സീനിയോറിറ്റി) അടങ്ങിയ സംക്ഷിപ്തരൂപം പ്രസിദ്ധീകരിക്കേണ്ടത്. | 30-4-2012 |
| 6. | അപേക്ഷകർക്ക് ആക്ഷേപം സമർപ്പിക്കുവാനുള്ള സമയം. | 2.05.2012 മുതൽ 4.05.2012 വരെ |
| 7. | പ്രൈമറി പ്രഥമ അദ്ധ്യാപകരുടെ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ. | 5.05.2012 |
| 8. | പ്രൈമറി പ്രഥമ അദ്ധ്യാപകരുടെ താൽക്കാലിക ഉത്തരവിൽ ആക്ഷേപം സമർപ്പിക്കാനുള്ള സമയം. | 7.05.2012 മുതൽ 9.05.2012 വരെ |
| 9. | പ്രൈമറി പ്രഥമ അദ്ധ്യാപകരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ. | 10.05.2012 |
| 10. | ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകരുടെ താൽക്കാലിക സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ. | 11.5.2012 |
| 11. | താൽക്കാലിക ഉത്തരവിൽ ആക്ഷേപം സമർപ്പിക്കാനുള്ള സമയം. | 18.05.2012 മുതൽ 23.05.2012 വരെ |
| 12. | ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ. | 24.05.2012 |

പ്രൈമറി പ്രഥമ അദ്ധ്യാപകരുടെ സ്ഥലംമാറ്റ ഉത്തരവ് നൽകിയാൽ ഉടൻ തന്നെ പ്രൈമറി പ്രഥമ അദ്ധ്യാപക തസ്തികയിലേയ്ക്ക് അർഹതപ്പെട്ടവർക്ക് ഒഴിവിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുകയും, പ്രസ്തുത ഉത്തരവ് പ്രകാരം തൽസ്ഥാനങ്ങളിൽ അദ്ധ്യാപകർ പ്രവേശിച്ചിട്ടുണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതും ആയതിലൂടെ ഉണ്ടാകുന്ന ഒഴിവുകൾ ഓൺലൈനിൽ ഉൾപ്പെടുത്തി അദ്ധ്യാപകരുടെ സ്ഥലംമാറ്റം നിശ്ചിത തീയതിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ വേണ്ടി

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

……………………………………

എക്സിക്യൂട്ടീവ് ഡയറക്ടർ
ഐ.ടി.@ സ്കൂൾ.